LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോട് തെങ്ങിലക്കടവിൽ ക്യാൻസർ സെന്റർ

87 (2638) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് തെങ്ങിലക്കടവിൽ ഒരു ക്യാൻസർ സെന്റർ സ്ഥാപിക്കുന്നതിനായി വിട്ടുകിട്ടിയ ആറര ഏക്കർ സ്ഥലവും കെട്ടിടവും ഉപയോഗപ്പെടുത്തുന്നതു സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി യോഗം വിളിച്ചുചേർത്തിരുന്നുവോ ;

(ബി) യോഗത്തിലെ ഇതു സംബന്ധിച്ച തീരുമാനങ്ങൾ എന്തെല്ലാമായിരുന്നു ; മിനിറ്റ്സ് ലഭ്യമാക്കാമോ ;

(സി) ഇക്കാര്യത്തിൽ എന്തെല്ലാം തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നു വിശദമാക്കാമോ ?

ഉത്തരം

(എ-സി) യോഗം വിളിച്ചുചേർത്തിരുന്നു. ഈ സ്ഥലം കോഴിക്കോട് മെഡിക്കൽ കോളേജിനെ ഏൽപ്പിക്കുവാനും അതിനാൽ MCC യുമായുള്ള lease റദ്ദാക്കുവാനും തീരുമാനിച്ചു. Lease റദ്ദാക്കുന്ന മുറയ്ക്ക് കോഴിക്കോട് മെഡിക്കൽ കോളേജ്, ഇപ്പോഴുള്ള കെട്ടിടത്തിൽ ഒരു എക്സ്റ്റൻഷൻ സെന്ററായി പ്രവർത്തിക്കുന്നതിനായി പ്രൊപ്പോസൽ ലഭ്യമാക്കുവാനും തീരുമാനിച്ചിട്ടുണ്ട്. Infrastructure, Post creation എന്നിവയടക്കമുള്ള വിശദമായ പ്രൊപ്പോസൽ കോഴിക്കോട് മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ലഭ്യമാക്കുന്ന മുറയ്ക്ക് പ്രസ്തുത നിർദ്ദേശം പരിശോധിച്ച് നടപടിയെടുക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

അന്ധതാനിവാരണ പ്രവർത്തനങ്ങൾ

88 (2639) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്ധതാ നിവാരണ പ്രവർത്തനങ്ങൾക്ക് ജില്ലാ അന്ധതാ നിവാരണ സമിതിക്ക് അനുവദിച്ച ഫണ്ടിൽ 2013 -ൽ എത്ര ശതമാനം വിനിയോഗിച്ചു ; ജില്ല തിരിച്ച് വിശദാംശം നൽകുമോ ;

(ബി) സഞ്ചരിക്കുന്ന കണ്ണാശുപത്രികൾക്ക് വാഹനം വാങ്ങിനൽകുവാൻ നടപടി സ്വീകരിക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തെ ആയുർവ്വേദ ആശുപത്രികളിൽ എത്ര optometrist (ഓപ്റ്റോമെട്രിസ്റ്റ്) മാരുണ്ട് ; രോഗികളുടെ തിരക്ക് കണക്കിലെടുത്ത് കൂടുതൽ optometrist മാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അന്ധതാനിവാരണ പ്രവർത്തനങ്ങൾക്ക് ജില്ലാ അന്ധതാനിവാരണ സമിതിക്ക് അനുവദിച്ച ഫണ്ടിൽ 2013-ൽ 91% (തൊണ്ണൂറ്റിയൊന്ന് ശതമാനം) വിനിയോഗിച്ചു.

ജില്ല തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	ജില്ലയുടെ പേര്	2013-ൽ ലഭിച്ച തുക	വിനിയോഗിച്ച തുക	ശതമാനം
1	തിരുവനന്തപുരം	3101648	1478857	48
2	കൊല്ലം	3923257	3885333	99
3	പത്തനംതിട്ട	2073262	2011255	97
4	ആലപ്പുഴ	1086640	954482	88
5	കോട്ടയം	6186896	6138622	99
6	ഇടുക്കി	708537	669140	94
7	എറണാകുളം	1732435	1684042	97
8	തൃശ്ശൂർ	2214848	2162225	98
9	പാലക്കാട്	5088654	4907214	96
10	മലപ്പുറം	2070519	2031419	98
11	കോഴിക്കോട്	2357529	2232381	95
12	വയനാട്	1089111	8,05,780	74
13	കണ്ണൂർ	1340203	1127716	84
14	കാസർഗോഡ്	1381059	1032372	75

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിലവിൽ സഞ്ചരിക്കുന്ന കണ്ണാശുപത്രി പതിനാല് ജില്ലകളിലും പ്രവർത്തിക്കുന്നുണ്ട്. പുതിയ വാഹനങ്ങൾ വാങ്ങുന്നതിനാവശ്യമായ ഫണ്ട് ഒന്നും തന്നെ നിലവിൽ ലഭ്യമല്ല.

(സി) ഭാരതീയ ചികിത്സാ വകുപ്പിൽ നടപ്പാക്കിയ ദൃഷ്ടി പ്രോജക്ടിന്റെ പ്രവർത്തനത്തിനായി 3 ഓപ്റ്റോമെട്രിസ്റ്റുമാരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. കൂടുതൽ തിരക്കുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമപ്രകാരമുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ സ്റ്റേറ്റ് ഫാർമസി കൗൺസിലിന് പ്രാതിനിധ്യം

89 (2640) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷനും റഗുലേഷനും) ആക്ട് 2010-ന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ബന്ധപ്പെട്ട നിയമം രൂപീകരിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് ;

(ബി) പ്രസ്തുത കേന്ദ്ര നിയമപ്രകാരമുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ സ്റ്റേറ്റ് ഫാർമസി കൗൺസിലിന്റെ പ്രതിനിധിക്ക് അംഗത്വം നിഷ്കർഷിച്ചിട്ടുണ്ടോ ;

(സി) നിർദ്ദിഷ്ട സംസ്ഥാന നിയമത്തിനായുള്ള ബില്ലിൽ സ്റ്റേറ്റ് ഫാർമസി കൗൺസിലിന്റെ പ്രാതിനിധ്യം ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ സ്റ്റേറ്റ് ഫാർമസി കൗൺസിലിന്റെ പ്രതിനിധിയെ ഉൾപ്പെടുത്തുന്നതിനുള്ള വ്യവസ്ഥ കൂട്ടിച്ചേർക്കുമോ ?

ഉത്തരം

(എ) 2013-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ പതിമൂന്നാം കേരള നിയമസഭയുടെ 230-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly